**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 213 27.02.2017-ൽ മറുപടിക്ക്**

**<u>മാവോയിസ്റ്റുകൾ വെടിയേറ്റ് മരിച്ച സംഭവം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) നിലമ്പൂർ വനമേഖലയിൽ രണ്ട് മാവോയിസ്റ്റുകൾ വെടിയേറ്റ് മരിച്ച സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) 01.12.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3556/16/ആഭ്യന്തരം പ്രകാരം മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി കൊണ്ട് സർക്കാർ മജിസ്റ്റേറ്റ്തല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു. |
| (ബി) മലപ്പുറം ജില്ലാ പോലീസ് മേധാവി ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ തള്ളുകയുണ്ടായോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;<br><br>(സി) കമ്മീഷൻ ആവശ്യപ്പെട്ട സമഗ്ര റിപ്പോർട്ട് നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ഉണ്ട് . ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ വിശദമായ പരാമർശങ്ങൾ ഉൾപ്പെടുത്താത്തതുകൊണ്ട് സംസ്ഥാന പോലീസ് മേധാവിയോട് സമഗ്ര റിപ്പോർട്ട് സമർപ്പിക്കുവാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മജിസ്റ്റേറ്റ്തല അന്വേഷണം പൂർത്തിയായിട്ടില്ല. ആയതിനുശേഷം മാത്രമേ സമഗ്ര റിപ്പോർട്ട് നൽകാൻ കഴിയുകയുള്ളൂ. ടി വിവരം സർക്കാർ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**